പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3238      21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ കമ്പ്യൂട്ടർവൽക്കരണം

ചോദ്യം
ശ്രീ. കെ.സി. ജോസഫ്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കമ്പ്യൂട്ടർ വൽക്കരണ നടപടികൾക്കായി എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2016-17, 18 സാമ്പത്തിക വർഷങ്ങളിലായി പ്ലാൻ ഫണ്ടിൽ നിന്നും യഥാക്രമം 11 കോടി രൂപയും 12.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ അംഗീകാരമുള്ള TSP കളിൽ നിന്നും പദ്ധതികൾ സ്വീകരിച്ച് പഠനം നടത്തിവരുന്നു. സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിനും Intelligent Transport System (ITS)-ഉം കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കുന്നതിനായി കെൽട്രോൺ സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം 71,37,56,000/- രൂപയാണ് ചെലവുവരുന്നത്. |
| (ബി) | കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ; | (ബി) | സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ചുമതല KELTRON -നും CRAN-നുമാണ് നൽകിയിട്ടുള്ളത്. |
| (സി) | ഇക്കാര്യത്തിൽ അനുഭവ പരിചയം ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോണിനെയും സി-ഡിറ്റിനെയും ഒഴിവാക്കാൻ എന്താണ് കാരണം എന്നറിയിക്കാമോ ; | (സി) | അനുഭവ പരിചയം ഉള്ള ഒരു സ്ഥാപനത്തേയും ഒഴിവാക്കിയിട്ടില്ല. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള എല്ലാ TSP കളിൽ നിന്നും പദ്ധതികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം പ്രവൃത്തികൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകണം എന്ന നയത്തിൽ മാറ്റം വരുത്തുവാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ? | (ഡി) | നയപരമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**